കേരള സർക്കാർ

<u>സംഗ്രഹം</u>

വനിതശിശു വികസന വകുപ്പ്- 'അന്വേഷി' വിമൻസ് കൗൺസിലിംഗ് സെന്ററിന് 2024-25 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്ക് ആദ്യ ഗഡു അനുവദിച്ച് നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനിതശിശു വികസന (ബി)വകുപ്പ്

**G.O.(Rt)417/2024/WCDD** **Dated,04/11/2024**

---

എ.എസ് നമ്പർ : AS/WCD/24/38755 കാലാവധി : 31/03/2025

പരാമർശം:-
1. സ.ഉ.(സാധാ)നം. 570/2023/വശിവിവ തീയതി. 19.10.2023.
2. സ.ഉ.(സാധാ)നം. 61/2024/വശിവിവ തീയതി. 13.02.2024.
3. വനിതശിശു വികസന ഡയറക്ടറുടെ 16.07.2024-ലെ DWCD/3220/2024–WEC2 നമ്പർ കത്ത്.

<u>ഉത്തരവ്</u>

സ്ത്രീ ശാക്തീകരണം, സ്ത്രീ വിമോചനം, സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ ചെറുക്കുക എന്നീ ലക്ഷ്യത്തോടെ ആരംഭിച്ച സ്ത്രീപക്ഷ കാഴ്ചപ്പാടോടുകൂടിയ അംഗങ്ങളുള്ള 'അന്വേഷി' വിമൻസ് കൗൺസിലിംഗ് സെന്റർ എന്ന സംഘടന കോഴിക്കോട് ജില്ലയിലേയും മറ്റ് ജില്ലകളിലെയും വിവിധ സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടുകയും സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾക്കെതിരെ പ്രവർത്തിച്ചു വരികയും ചെയ്യുന്നു. വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമ പ്രകാരം അന്വേഷി സർവ്വീസ് പ്രൊവൈഡിംഗ് സെന്ററായും ടി സംഘടന പ്രവർത്തിച്ചു വരുന്നു. 2023-24 ൽ അന്വേഷി വുമൺസ് കൊൺസിലിംഗ് സെന്ററിനായി അനുവദിച്ച 18,90,000/- രൂപയിൽ ചെലവഴിച്ചതിന്റെ കണക്കുകൾ പരിശോധിച്ചതനുസരിച്ച് കൗമാരപ്രായക്കാരായ കുട്ടികൾക്കുള്ള ക്ലാസ്സുകളും, നിയമസാക്ഷരതാ ക്ലാസ്സുകളും, സെമിനാറുകളും, സ്ത്രീസുരക്ഷാ സംവിധാനങ്ങളെ പറ്റിയുള്ള ക്ലാസുകളും കോഴിക്കോട് ജില്ലയിലെ വിവിധ സ്ഥലങ്ങളിലായി റസിഡന്റ്സ് അസോസിയേഷനുകളുടെയും കോളേജുകളുടെയും സഹകരണത്തോടു കൂടി ഫലപ്രദമായി നടപ്പിലാക്കിയതായി കാണുന്നു. 2023-24 വർഷത്തിൽ 208 കൗൺസിലിംഗ് നടത്തിയിട്ടുണ്ട്. കോഴിക്കോട് മെന്റൽ ഹെൽത്ത് സെന്ററിന്റെ സഹകരണത്തോടെ പ്രവർത്തിക്കുന്ന സൈക്കോളജിക്കൽ എയ്ഡഡ് സെല്ലിൽ 2023 ഏപ്രിൽ മുതൽ 2024 മാർച്ച് വരെ 99 കേസുകൾക്ക് ലീഗൽ എയ്ഡ് സെൽ വഴി നിയമസഹായം നൽകിയിട്ടുണ്ട്. സ്ത്രീകൾക്ക് അവരുടെ അവകാശങ്ങളെക്കുറിച്ചും നിയമങ്ങളെക്കുറിച്ചും അവബോധം നൽകുന്നതിന് അങ്കണവാടികൾ,

AS/WCD/24/38755

റസിഡന്റ്സ് അസോസിയേഷൻ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് 31 നിയമ സാക്ഷരതാ ക്ലാസുകൾ നടത്തിയിട്ടുണ്ട്.

(2)2023-24 സാമ്പത്തിക വർഷം അന്വേഷി വുമൺസ് കൗൺസിലിംഗ് സെന്ററിന്റെ പ്രവർത്തനങ്ങൾക്കായി ഗ്രാന്റിനത്തിൽ അനുവദിച്ച 18,90,000/- രൂപ (പതിനെട്ട് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടെന്നും, കോഴിക്കോട് ജില്ലയിലെ വിവിധ സ്ഥലങ്ങളിലായി അന്വേഷി നടത്തിയ പ്രവർത്തനങ്ങൾ ഏറെ പ്രശംസനീയമാണെന്നും, ടി സംഘടനയുടെ ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമാണെന്നും, കോഴിക്കോട് ജില്ലാ വനിത ശിശു വികസന ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.അന്വേഷി വിമൻ കൗൺസിലിംഗ് സെന്റർ എന്ന സംഘടനയുടെ 2024-25 വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്കായി 30 ലക്ഷം രൂപ ഗ്രാന്റായി 2235-02-103-64 (NP) ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 'അന്വേഷി' സ്ത്രീകളുടെ അവകാശങ്ങൾക്കായി പ്രവർത്തിച്ചു വരുന്നതും സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങളെ തടയുന്നതിനായുള്ള പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം പുലർത്തി വരുന്നതും കേരള വനിതാ കമ്മീഷന്റെ 'A' ഗ്രേഡ് അംഗീകാരവുമുള്ള സന്നദ്ധ സംഘടന കൂടിയാണ്. അന്വേഷി വിമൻസ് കൗൺസിലിംഗ് സെന്ററിന് 2023-24 സാമ്പത്തിക വർഷം 18,90,000/- രൂപയാണ് അന്വേഷിക്ക് അനുവദിച്ചത്. ജീവനക്കാർക്ക് 2024 ജനവരി, ഫെബ്രുവരി, മാർച്ച് മാസത്തിലെ ശമ്പള ഇനത്തിൽ കുടിശ്ശികയായ 6,24,000/- രൂപയും, ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ചെലവഴിച്ച 4,21,504/- രൂപയും ഉൾപ്പെടെ 2023-24 വർഷത്തേക്ക് 10,45,504/-രൂപ ടി സംഘടനയ്ക്ക് ലഭ്യമാക്കാനുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ അന്വേഷി വിമൻ കൗൺസിലിംഗ് സെന്റർ സമർപ്പിച്ചിട്ടുള്ള 40,25,500/- രൂപയുടെ പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് 29,50,000/-(ഇരുപത്തി ഒൻപത് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) രൂപ അനുവദിക്കാൻ കോഴിക്കോട് ജില്ലാ വനിത ശിശു വികസന ഓഫീസർ സമർപ്പിച്ചിട്ടുള്ള ശിപാർശയുടെ അടിസ്ഥാനത്തിൽ ടി സ്ഥാപനത്തിന്റെ 2024-25 വർഷത്തെ പ്രവർത്തനങ്ങൾക്ക് 2235-02-103-64(NP) ശീർഷകത്തിൽ നിന്നും 29,50,000/- രൂപ (ഇരുപത്തി ഒൻപത് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകണമെന്ന് വനിതശിശു വികസന ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(3)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 'അന്വേഷി' വിമൻസ് കൗൺസിലിംഗ് സെന്ററിന് 2024-25 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്ക് 2235-02-103-64(NP)ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 30 ലക്ഷം രൂപയിൽ നിന്നും ആദ്യ ഗഡുവായി 15,00,000/-(പതിനഞ്ച് ലക്ഷം രൂപ മാത്രം) രൂപ റിലീസ് ചെയ്യുന്നതിന് അനുമതി നല്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

AS/WCD/24/38755

പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | അന്വേഷി വിമൻസ് കൗൺസിലിംഗ് സെന്ററിന് നടപ്പ് സാമ്പത്തിക വർഷത്തെ ഗ്രാന്റ് അനുവദിക്കുന്നത് | 15,00,000 |
| ആകെ (പതിനഞ്ച് ലക്ഷം രൂപ) | | **15,00,000** |

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

അഡീഷണൽ സെക്രട്ടറി

Women and Child Development

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഓർഡർ പ്രകാരം കൈമാറി,

Santhosh Kumar T K

AS/WCD/24/38755